"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനകാര്യം - കത്തിയത്തോട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.മനീഷ്.ഇ.ആർ-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1850/2024/LSGD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:-

1. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.02.2004-ലെ ഇ3-1200/97 നമ്പർ നടപടിക്രമം
2. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.09.2022ലെ DDP-ALP/10500/2022-E3 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.11.2023ലെ LSGD/PD/15134/2023-DEC3 നമ്പർ കത്ത്

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ കത്തിയത്തോട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.മനീഷ്.ഇ.ആർ, 16.04.2003 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചുവെന്നും ടിയാന്റെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽകരിച്ചിട്ടുണ്ടെന്നും ശ്രീ.മനീഷ്.ഇ.ആർ, മാനുവൽ ഓഫ് ഓഫീസ് പ്രോസീജർ പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ, ടിയാന്റെ നിരീക്ഷണ കാലയളവ് 16.04.2005 മുതൽ 15.04.2006 വരെ ഒരു വർഷത്തേക്ക് പരാമർശം (2) പ്രകാരം ദീർഘിപ്പിച്ചിരുന്നെന്നും ടിയാൻ 31.03.2022 ന് മാനുവൽ ഓഫ് ഓഫീസ് പ്രോസീജർ പരീക്ഷ വിജയിച്ചിട്ടുള്ള സാഹചര്യത്തിൽ 01.04.2022 തീയതിയിൽ ടിയാന്റെ നിരീക്ഷണകാലയളവ് പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി 02.04.2022 തീയതി വരെ ടിയാന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് കത്തിയത്തോട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.മനീഷ്.ഇ.ആർ-ന്റെ നിരീക്ഷണ കാലയളവ് 01.04.2022 തീയതി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാന്റെ നിരീക്ഷണ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 16.04.2006 മുതൽ 02.04.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

2.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , ആലപ്പുഴ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി,കത്തിയത്തോട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീ. മനീഷ് ഇ ആർ , ക്ലർക്ക് , കത്തിയത്തോട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.125/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 04-10-2024 11:51:58